"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - ശ്രീ.ഹരീഷ് എൻ.കെ, മുനിസിപ്പൽ സെക്രട്ടറിയ്ക്ക് എതിരായ അച്ചടക്ക നടപടി - താക്കീത് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.31/2024/LSGD തീയതി,തിരുവനന്തപുരം, 04-01-2024

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ 10.03.2017 ലെ എസ്.സി.14/2017 കെ.എസ്.ഡി നമ്പർ കത്ത്
2. കോഴിക്കോട് മേഖലാ ജോയിന്റ് ഡയറക്ടറുടെ 30.11.2017 ലെ സി.3213/17 നമ്പർ റിപ്പോർട്ട്
3. നഗരകാര്യ ഡയറക്ടറുടെ 23.04.2018 ലെ വി2-8325/2017 നമ്പർ കത്ത്
4. 06.01.2023 ലെ ഇ.യു1/192/2018/തസ്വഭവ നമ്പർ കുറ്റാരോപണ മെമ്മോ
5. 10.02.2023 ന് ശ്രീ.ഹരീഷ് എൻ.കെ സമർപ്പിച്ച പ്രതിവാദ പത്രിക
6. 13.04.2023 ലെ സ.ഉ(സാധാ) നം.872/2023/തസ്വഭവ
7. കാസറഗോഡ് ജില്ലാ ജോയിന്റ് ഡയറക്ടറുടെ 18.06.2023 ലെ അന്വേഷണ റിപ്പോർട്ട്
8. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 04.07.2023 ലെ എൽ.എസ്.ജി.ഡിപി.ഡി/27135/2023-വിജ് ഇ5 നമ്പർ കത്ത്

**ഉത്തരവ്**

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 04.03.2017 ൽ നീലേശ്വരം നഗരസഭയിൽ നടത്തിയ മിന്നൽ പരിശോധനയിൽ ചുവടെ ചേർക്കുന്ന അപാകതകൾ കണ്ടെത്തിയിരിക്കുന്നു.

(a) നീലേശ്വരം മുനിസിപ്പാലിറ്റിയിൽ ഭവന നിർമ്മാണം, വനിത ഭവന പുനരിദ്ധാരണം എന്നീ പദ്ധതികൾ വഴി ആനുകൂല്യം ലഭിക്കുന്നതിനു വേണ്ടി അപേക്ഷ സമർപ്പിച്ചവർക്ക്

മുൻഗണനാ മാനദണ്ഡം പ്രകാരം മാർക്ക് നൽകി ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കി ആയതിന് വാർഡ് സഭയുടെ അംഗീകാരം വാങ്ങുകയും ശേഷം കൗൺസിൽ ഭരണസമിതി മുൻഗണനാലിസ്റ്റ് തയ്യാറാക്കുന്ന സമയം മുൻഗണന മാനദണ്ഡം അനുസരിച്ച് നൽകിയ മാർക്ക് പരിഗണിക്കാതെ വാർഡ് നമ്പർ ക്രമത്തിൽ (1 മുതൽ 32 വരെ) ഗുണഭോക്താക്കൾക്ക് മുൻഗണന ലിസ്റ്റ് തയ്യാറാക്കി പദ്ധതി നടപ്പിൽ വരുത്തിയത് ക്രമ വിരുദ്ധമാണ്.

(b) 21/05/2013 തീയ്യതി നടന്ന കൗൺസിൽ യോഗത്തിൽ ഭവന നിർമ്മാണ പദ്ധതിക്കും, 01/09/2016 തീയ്യതി നടന്ന കൗൺസിൽ യോഗത്തിൽ വനിത ഭവന പുനരുദ്ധാരണം പദ്ധതിക്കും ക്രമവിരുദ്ധമായി ഗുണഭോക്താക്കളുടെ മുൻഗണന ലിസ്റ്റ് തയ്യാറാക്കി അംഗീകരിക്കുന്ന സമയം ഉണ്ടായിരുന്ന മുൻസിപ്പൽ സെക്രട്ടറിമാരായ ശ്രീ. പി.കെ രാധാമോഹൻ, ശ്രീ. എൻ. കെ. ഹരീഷ് എന്നിവർ പദ്ധതികളുമായി ബന്ധപ്പെട്ട് മാർഗ നിർദ്ദേശങ്ങൾ കൗൺസിലർമാരെ ധരിപ്പിച്ചതായോ ആയത് റിമാർക്ക്സ് ആയി മിനുട്ടസ് ബുക്കിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

(c) മേൽ പദ്ധതികളുമായി ബന്ധപ്പെട്ട ഫയൽ കൈകാര്യം ചെയ്യുന്ന സെക്ഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനെ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി നിയമിച്ചത് ക്രമവിരുദ്ധമാണ്.

2. മേൽ പറഞ്ഞ (b) അപാകതയ്ക്ക് ഉത്തരവാദിയായ ശ്രീ. എൻ.കെ ഹരീഷ് സെക്രട്ടറി, മുക്കം മുൻസിപ്പാലിറ്റി, കോഴിക്കോട് ജില്ല, (മുൻ മുൻസിപ്പൽ സെക്രട്ടറി, നിലേശ്വരം മുനിസിപ്പാലിറ്റി, ടിയാന്റെ വിരമിക്കൽ തീയ്യതി 31/05/2032) എന്നിവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുന്നതിനും (c) അപാകത പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിനും വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ പരാമർശം 1 പ്രകാരം ശിപാർശ ചെയ്തിരുന്നു.

3. നിലേശ്വരം മുനിസിപ്പാലിറ്റിയിൽ ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം എന്നീ പദ്ധതികൾ നടപ്പിൽ വരുത്തിയത് ഗുണഭോക്താക്കളുടെ മുൻഗണനാ ലിസ്റ്റ് ക്രമ വിരുദ്ധമായി തയ്യാറാക്കിയാണെന്നും മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുന്ന സമയം ഉണ്ടായിരുന്ന മുൻ നഗരസഭാ സെക്രട്ടറിമാരായ ശ്രീ.പി.കെ രാധാ മോഹൻ, ശ്രീ.എൻ കെ ഹരീഷ് എന്നിവർ പദ്ധതികളുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദേശങ്ങൾ കൗൺസിലർമാരെ ധരിപ്പിക്കുകയോ ആയത് റിമാർക്സായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ലെന്നും കണ്ടെത്തിയിരുന്നു. സെക്രട്ടറി ശ്രീ.എൻ.കെ ഹരീഷ് എന്നിവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുന്നതിനും ടി

പദ്ധതികളുമായി ബന്ധപ്പെട്ട ഫയൽ കൈകാര്യം ചെയ്യുന്ന സെക്ഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനെ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി നിയമിച്ചത് ക്രമ വിരുദ്ധമായതിനാൽ ടി അപാകത പരിഹരിക്കുന്നതിനും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആയതിന്മേലുള്ള അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് കോഴിക്കോട് മേഖലാ ജോയിന്റ ഡയറക്ടർക്ക് നിർദേശം നൽകിയത് പ്രകാരം നഗരസഭയിലെ റിക്കാഡുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മേഖലാ ജോയിന്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ താഴെ പറയും പ്രകാരം സൂചിപ്പിച്ചിരിക്കുന്നു. വനിതകൾക്ക് വീട് പുനരുദ്ധാരണം എന്ന (84/16-17 നമ്പർ) പ്രോജക്ടിൽ ഒരു ഗുണഭോക്താവിന് 25,000/- രൂപ വീതം 100 ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിക്കുന്നതിനുള്ളതാണ്. ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം ആദ്യ 100 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുള്ളതായും വിജിലൻസ് റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള S0020/14 നമ്പറിലുള്ള പ്രോജക്ട് വനിതാ ഗൃഹനാഥയായവർക്ക് വീട് എന്ന പേരിലുള്ളതാണെന്നും പ്രോജക്ട് നമ്പർ, പേര് എന്നിവ നൽകിയതിൽ ക്ലറിക്കൽ പിശക് വന്നിട്ടുള്ളതാണെന്നും മേഖലാ ജോയിന്റ് ഡയറക്ടർ പരാമർശം 2 പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

4. വിജിലൻസ് വിഭാഗം പരിശോധിച്ച 20/13-14 എന്ന പ്രോജക്ട് നമ്പർ നൽകി തയ്യാറാക്കപ്പെട്ട ഗുണഭോക്തൃ ലിസ്റ്റിൽ 32 ഗുണഭോക്താക്കളാണുള്ളതെന്നും ടി പ്രോജക്ടിനുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് വാർഡ് നമ്പർ ക്രമത്തിലാണ് (1 മുതൽ 32 വരെ) തയ്യാറാക്കിയിട്ടുള്ളതെന്നും ഇത് സംബന്ധിച്ച വിജിലൻസ് പരാമർശം ഏറെക്കുറെ ശരിയാണെന്നും 20/01/2016 ന് ചേർന്ന കൗൺസിൽ യോഗത്തിൽ 2016-17 വർഷത്തെ പദ്ധതി മാർഗ്ഗരേഖ അറിവിലേക്കായി സമർപ്പിച്ചിട്ടുള്ളതും ആയത് വായിച്ച് റിക്കാർഡാക്കിയിട്ടുള്ളതുമാണെന്നും 29/07/2011ലെ 9-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം നീലേശ്വരം നഗരസഭയിലെ കുടുംബശ്രീ സി.ഡി.എസ് മെമ്പർ സെക്രട്ടറിയുടെ ചുമതല ശ്രീ. മൊയ്തു, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറിൽ നിന്നും യു.ഡി. ക്ലാർക്ക് ശ്രീ. കെ. പ്രമോദ് എന്നിവർക്ക് നൽകുന്നതിന് കൗൺസിൽ തീരുമാനിച്ചത് പ്രകാരമാണ് പദ്ധതികളുമായി ബന്ധപ്പെട്ട ഫയൽ കൈകാര്യം ചെയ്യുന്ന സെക്ഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ തന്നെ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനാകാനിടയായിട്ടുള്ളതെന്നും നഗരകാര്യ ഡയറക്ടർ പരാമർശം 3 പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. കൂടാതെ നീലേശ്വരം മുനിസിപ്പാലിറ്റിയിലെ ഭവന നിർമ്മാണം, വനിത ഭവന പുനരുദ്ധാരണം എന്നീ പദ്ധതികൾ നടപ്പിൽ വരുത്തിയത് ഗുണഭോക്താക്കളുടെ മുൻഗണനാ ലിസ്റ്റ് ക്രമ വിരുദ്ധമായി തയ്യാറാക്കിയാണെന്നും മുൻഗണനാ

ലിസ്റ്റ് തയ്യാറാക്കുന്ന സമയത്ത് ഉണ്ടായിരുന്ന നഗരസഭാ സെക്രട്ടറിമാരായ ശ്രീ. പി.കെ രാധാമോഹൻ, ശ്രീ. എൻ.കെ ഹരീഷ് എന്നിവർ പദ്ധതികളുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങൾ കൗൺസിലർമാരെ ധരിപ്പിക്കുകയോ ആയത് റിമാർക്സായി മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ലെന്നും വാർഡ് സഭാ മിനിറ്റ്സ് ബുക്കും നഗരസഭാതലത്തിൽ തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റും, അപേക്ഷാ ഫോറങ്ങളും പരിശോധിച്ചതിൽ കണ്ടെത്തിയിട്ടുള്ളതായും ആയതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി ശ്രീ. എൻ. കെ ഹരീഷിനെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന് നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ നീലേശ്വരം നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.എൻ.കെ. ഹരീഷിനെതിരെ കേരള സിവിൽ സർവീസ് തരംതിരിക്കലും നിയന്ത്രണവും അപ്പീലും ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം കഠിനശിക്ഷക്കുള്ള നടപടി സ്വീകരിക്കുകയും ടിയാന് പരാമർശം 4 പ്രകാരം കുറ്റാരോപണ മെമ്മോ നൽകുകയും ചെയ്തു.

5. കുറ്റാരോപണ മെമ്മോയ്ക്ക് ടിയാൻ പരാമർശം 5 പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ 2016-17 വർഷത്തെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനായി ചേർന്ന വർക്കിംഗ് ഗ്രൂപ്പുകളുടെ ശുപാർശ പ്രകാരം ഓരോ വാർഡിനേയും ഓരോ യൂണിറ്റായി പരിഗണിച്ച് ആ വാർഡിലെ ഏറ്റവും അർഹനായ ഗുണഭോക്താവിന് ആനുകൂല്യം നൽകുന്നതിനാണ് പാർപ്പിടമേഖലയിലെ പദ്ധതികൾ തയ്യാറാക്കി അംഗീകാരം വാങ്ങിയിരുന്നത്. ആയത് പ്രകാരവും 26.09.2016 ലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച കൗൺസിൽ തീരുമാന പ്രകാരവും വാർഡ് സഭകൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ പരിഗണനയ്ക്ക് വിധേയമായി ഓരോ വാർഡിലെയും ഗുണഭോക്താക്കളുടെ മുൻഗണനാ പട്ടിക തയ്യാറാക്കുകയുണ്ടായി. 2012 മുതൽ 17 വരെ വർഷങ്ങളിലെ പദ്ധതി മാർഗ്ഗരേഖ പ്രകാരം (സ.ഉ (എം.എസ്) നമ്പർ) 362/2013 തസ്വഭവ തീയതി 16.11.2013) ഇത്തരത്തിൽ പദ്ധതികൾ തയ്യാറാക്കുന്നതിനോ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനോ തടസ്സങ്ങളൊന്നും ഉള്ളതായി വ്യക്തമാക്കപ്പെട്ടിട്ടില്ലാത്തതാണ്. 2018 വർഷത്തെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 17/2018/തസ്വഭവ തീയതി 02.02.2018 ഉത്തരവ് പ്രകാരം വ്യക്തിഗത ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത് സംബന്ധിച്ച് വാർഡ് അടിസ്ഥാനത്തിൽ അപേക്ഷകരുടെ എണ്ണമനുസരിച്ച് വെയിറ്റേജ് നൽകുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 362/2013/തസ്വഭവ തീയതി 16.11.2013 ഉത്തരവ് പ്രകാരമാണ് 2016-17 വരെയുള്ള പദ്ധതി ആസൂത്രണ നിർവ്വഹണ നടപടിക്രമങ്ങൾ നടന്നിട്ടുള്ളത്. ഈ ഉത്തരവിൽ വാർഡിനെ ഒരു

യൂണിറ്റായി കണ്ട് പാർപ്പിട പദ്ധതികൾ നടപ്പിലാക്കുന്നതിന് തടസ്സങ്ങളൊന്നും ഉണ്ടായിരുന്നില്ല. നീലേശ്വരം നഗരസഭയിൽ 32 വാർഡുകളാണ് ഉള്ളത്. ഓരോ വാർഡിലെയും ഏറ്റവും അർഹനായ ആളുകളെ അതത് വാർഡ് സഭകൾ നിർണയിച്ച് തീരുമാനമെടുത്തു പ്രകാരമുള്ള മുൻഗണനാ ലിസ്റ്റുകളാണ് വാർഡ് സഭകൾക്ക് ശേഷം തയ്യാറാക്കിയിരുന്നത്. വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള കരട് ഗുണഭോക്തൃലിസ്റ്റ് നീലേശ്വരം നഗരസഭാ കൗൺസിൽ അംഗീകരിച്ചിട്ടുള്ളത് 14.12.2016 ലെ ഒന്നാം നമ്പർ തീരുമാന പ്രകാരമാണെന്നും അതിന് ശേഷമാണ് ഈ പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളതെന്നും ശ്രീ ഹരിഷ് ബോധിപ്പിച്ചിട്ടുണ്ട്. എന്നാൽ 03.11.2016 ലെ ജി.ഒ (ആർ.ടി) നം.3004/തസ്വഭവ ഉത്തരവ് പ്രകാരം മുക്കം നഗരസഭയിലേക്ക് സ്ഥലം മാറ്റം ലഭിച്ച് ഇതേ തീയതിയിൽ നീലേശ്വരം നഗരസഭയിൽ നിന്നും റിലീവ് ചെയ്തിട്ടുള്ളതിനാൽ കൗൺസിൽ തീരുമാനം അന്തിമമാക്കി പ്രസ്തുത കാലയളവിലെ സെക്രട്ടറിയുടെ ചുമതലയുള്ള ഉദ്യോഗസ്ഥൻ ചെയർമാന് അയച്ചിട്ടുള്ളത് 23.12.2016 തീയതിയിലാണെന്ന് ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്. ഇക്കാര്യം സകർമ്മ പ്രകാരമുള്ള മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതുകൊണ്ട് പദ്ധതികളുടമായി ബന്ധപ്പെട്ട മാർഗനിർദ്ദേശങ്ങൾ റിമാർക്സായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നതിനോ ഗുണഭോക്തൃ പട്ടിക യഥാവിധി ക്രോഡീകരിച്ച് ഒപ്പിട്ട് നൽകുന്നതിനോ സാധിക്കുമായിരുന്നില്ല. പദ്ധതി നടപ്പാക്കിയത് നീലേശ്വരം നഗരസഭയിൽ നിന്നും റിലീവ് ചെയ്ത ശേഷമാണ്.പ്രസ്തുത തീയതിയിലും പദ്ധതി നടപ്പാക്കിയ കാലയളവിലും മുക്കം നഗരസഭാ സെക്രട്ടറി ആയി ജോലി ചെയ്തു വരികയായിരുന്നുവെന്നും ടിയാൻ ബോധിപ്പിച്ചു. ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ മനപൂർവ്വമായ യാതൊരു വീഴ്ചയും വരുത്തിയിട്ടില്ലായെന്നും പദ്ധതി മാർഗ്ഗരേഖ അടിസ്ഥാനമാക്കിയാണ് പദ്ധതി പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതെന്നും ആയതിനാൽ ശിക്ഷാനടപടികളിൽ നിന്നും ഒഴിവാക്കിത്തരണമെന്നും ശ്രീ.എൻ.കെ.ഹരിഷ് അപേക്ഷിച്ചിട്ടുണ്ട്.

6. ടിയാന്റെ പ്രതിവാദപത്രികയിലെ വിശദീകരണം തൃപ്തികരമല്ലാത്തതിനാൽ കേരള സിവിൽ സർവീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 (2) പ്രകാരം ടിയാനെതിരെ ഔപചാരിക അന്വേഷണത്തിന് പരാമർശം 6 ലെ ഉത്തരവ് പ്രകാരം കാസർഗോഡ് ജില്ലാ ജോയിന്റ് ഡയറക്ടറെ അന്വേഷണോദ്യോഗസ്ഥനായി നിയമിച്ചിരുന്നു. കാസറഗോഡ് ജില്ലാ ജോയിന്റ് ഡയറക്ടർ പരാമർശം 7 പ്രകാരം സമർപ്പിച്ച സമർപ്പിച്ച റിപ്പോർട്ട് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 8 പ്രകാരം ലഭ്യമാക്കുകയും ചെയ്തു.

7. ഔപചാരിക അന്വേഷണ വേളയിൽ ടിയാനെ നേരിൽ കേട്ടതിൽ ടിയാൻ സ്റ്റേറ്റ്മെന്റായി സമർപ്പിച്ച വിവരങ്ങളും അന്വേഷണത്തിലെ കണ്ടെത്തലുകളും ചുവടെ

ചേർക്കുന്നു.

(a) **ഭവന നിർമ്മാണം - പ്രോ.നം. 161/13-14**

നീലേശ്വരം നഗരസഭയിൽ 2013-14 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട ഭവന നിർമ്മാണം എന്ന പദ്ധതി രൂപീകരിച്ച് അംഗീകരിച്ചിട്ടുള്ളത് 21.05.2013 ലെ കൗൺസിൽ യോഗത്തിലെ 1-ാം നമ്പർ തീരുമാന പ്രകാരമാണ്. മേൽ പദ്ധതിക്കുള്ള ഗുണഭോക്തൃ പട്ടിക 30.09.2013 ന് ചേർന്ന കൗൺസിൽ യോഗം അംഗീകരിക്കുകയും കരാറിലേർപ്പെട്ട ഗുണഭോക്താക്കൾക്ക് 2014 വർഷം തന്നെ തുക നൽകി ഭവന നിർമ്മാണം ആരംഭിച്ചിട്ടുള്ളതുമാണ്. ശ്രീ.ഹരീഷ് എൻ.കെ. എന്നവർ നീലേശ്വരം നഗരസഭയിൽ സെക്രട്ടറിയായി ചുമതലയിൽ പ്രവേശിച്ചത് 12.03.2015 തീയതിയാണ്. സ്പിൽഓവർ പദ്ധതിയായി ഭവന നിർമ്മാണം നടപ്പാക്കിയത് ശ്രീ.ഹരീഷ് എൻ.കെ. എന്നവർ അല്ലാത്തതിനാലും, മേൽ പദ്ധതിക്കാവശ്യമായ ഗുണഭോക്തൃ പട്ടിക ടിയാൻ നീലേശ്വരം നഗരസഭയിൽ സെക്രട്ടറിയായി ജോലിയിൽ പ്രവേശിക്കുന്നതിന് മുൻപ് തയ്യാറാക്കി അംഗീകരിച്ചതിനാലും, ശ്രീ.ഹരീഷ് എൻ.കെ. യ്ക്ക് മേൽ വിഷയവുമായി ബന്ധപ്പെട്ട അപാകതയിൽ ഉത്തരവാദിത്വമുള്ളതായി കാണുന്നില്ലായെന്ന് അന്വേഷണോദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

(b) **വനിതകൾക്ക് ഭവന പുനരുദ്ധാരണം (പ്രോ.നം -84/16-17)**

നീലേശ്വരം നഗരസഭയിൽ 2016-17 വാർഷിക പദ്ധതിയിലെ പദ്ധതികൾ (സ്പിൽ ഓവർ ഉൾപ്പെടെ) അംഗീകരിച്ചിട്ടുള്ളത് 01.09.2016 ലെ കൗൺസിൽ യോഗത്തിലെ 1-ാം നമ്പർ (G-11399/15) തീരുമാന പ്രകാരമാണ്. 14.12.2016 ലെ കൗൺസിൽ യോഗത്തിലെ 1-ാം നമ്പർ (G-11399/16) തീരുമാന പ്രകാരം വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള ഗുണഭോക്തൃ പട്ടികയുടെ കരട് അംഗീകരിച്ചിട്ടുണ്ട്. ആയതിൽ വനിതകൾക്ക് ഭവന പുനരുദ്ധാരണം (പ്രോ.നം -84/16-17) പദ്ധതിക്ക് ലഭ്യമാക്കിയ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ മുൻഗണനാ ഗുണഭോക്തൃ ലിസ്റ്റിൽ 518 പേരാണ് ഉൾപ്പെട്ടിട്ടുള്ളത്. കരട് ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ച 14.12.2016 തീയതിയിൽത്തന്നെ സെക്രട്ടറി ശ്രീ.ഹരീഷ് എൻ.കെ നീലേശ്വരം നഗരസഭയിൽ നിന്നും സ്ഥലംമാറ്റം ലഭിച്ച് വിടുതൽ ചെയ്തിട്ടുണ്ട്. അന്തിമ ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നതിന് മുമ്പ് തന്നെ നീലേശ്വരം നഗരസഭയിൽ നിന്നും വിടുതൽ ചെയ്തിട്ടുള്ളതിനാൽ മേൽ പദ്ധതിക്കാവശ്യമായ അന്തിമ ഗുണഭോക്തൃ പട്ടിക തയ്യാറാക്കി അംഗീകരിച്ചതിൽ ശ്രീ.ഹരീഷ് എൻ.കെ.യ്ക്ക് ഉത്തരവാദിത്വമുള്ളതായി കാണുവാൻ കഴിഞ്ഞിട്ടില്ലാത്തതാണെന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നു.

8. സർക്കാർ ഇക്കാര്യം വിജിലൻസ് പരിശോധനാ റിപ്പോർട്ടിന്റെയും കോഴിക്കോട് മേഖലാ

ജോയിന്റ് ഡയറക്ടറുടെയും നഗരകാര്യ ഡയറക്ടറുടേയും കാസർഗോഡ് ജില്ലാ ജോയിന്റ് ഡയറക്ടറുടേയും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിക്കുകയും ശ്രീ ഹരീഷ് എൻ കെ യുടെ ഭാഗത്ത് വളരെ ഗൗരവമേറിയ വീഴ്ചയൊന്നും സംഭവിച്ചതായി കാണുന്നില്ല എന്ന നിരിക്ഷണത്തിൽ ടിയാനെതിരെ ആരംഭിച്ച അച്ചടക്കനടപടികളിൽ ടിയാന് താക്കീത് നല്കി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനിൽ കുമാർ ജി

അഡിഷണൽ സെക്രട്ടറി

പകർപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള,തൃശ്ശൂർ

ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ശ്രീമതി.ഹരീഷ് എൻ.കെ, മുനിസിപ്പൽ സെക്രട്ടറി (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 04-01-2024 13:35:23
സെക്ഷൻ ഓഫീസർ